ENTRI

# CIVIL EXCISE OFFICER DRIVER

## ANSWER KEY

**25 FEBRUARY 2026**



1. പഞ്ചവത്സര പദ്ധതികളുമായി ബന്ധപ്പെട്ട ശരിയായ പ്രസ്താവന ഏത് ?

   i. നാലാം പഞ്ചവത്സരപദ്ധതി ലക്ഷ്യം വെച്ച വളർച്ചാ നിരക്ക് 5% ൽ കൂടുതലാണ്.

   ii. വാർഷിക പദ്ധതികൾ നടപ്പാക്കിയത് മൂന്നാം പദ്ധതിയുടെയും നാലാം പദ്ധതിയുടെയും ഇടയിലാണ്.

   iii. രണ്ടാം പഞ്ചവത്സര പദ്ധതി ഹാരോഡ്-ഡോമർ മോഡൽ അടിസ്ഥാനമാക്കിയാണ് തയ്യാറാക്കിയത്.

   A) i മാത്രം ശരിയാണ്

   B) i & ii മാത്രം ശരിയാണ്

   C) i, ii, iii പ്രസ്താവനകൾ ശരിയാണ്

   D) ii & iii പ്രസ്താവനകൾ മാത്രം ശരിയാണ്

2. ഹരിത വിപ്ലവവുമായി ബന്ധപ്പെട്ട പ്രസ്താവനകളിൽ തെറ്റ് ഏത് ?

   i. ഒന്നാം ഘട്ടത്തിൽ ഹരിതവിപ്ലവം എല്ലാ സംസ്ഥാനങ്ങളിലും നടപ്പിലാക്കി..

   ii. ഇന്ത്യയിലെ ഹരിത വിപ്ലവത്തിന്റെ പിതാവ് M.S. സ്വാമിനാഥനാണ്.

   iii. ഹരിത വിപ്ലവം ചെറുകിട കർഷകർക്ക് കൂടുതൽ ഗുണം ചെയ്തു.

   iv. കാർഷിക ഉല്പാദനവും ഉല്പാദന ക്ഷമതയും ഗണ്യമായി വർധിച്ചു.

   A) i & iv

   B) ii & iv

   C) i & iii

   D) iii & iv

3. 1991 ലെ പുത്തൻ സാമ്പത്തിക നയങ്ങളുമായി ബന്ധപ്പെട്ട ശരിയല്ലാത്ത പ്രസ്താവന ഏത് ?

   i. പൊതുമേഖലക്ക് സംവരണം ചെയ്ത സ്ഥാപനങ്ങൾ സ്വകാര്യ മേഖലക്ക് വിട്ടുകൊടുത്തു.

   ii. ഇറക്കുമതിക്ക് ബദൽ നയം (Import Substitution Policy) തദ്ദേശീയ വ്യവസായങ്ങളെ സംരക്ഷിച്ചു.

   iii. വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള ലൈസൻസിംഗ് നിർത്തലാക്കി.

   iv. സമ്പദ്വ്യവസ്ഥയിൽ സ്വകാര്യമേഖലയുടെ പങ്ക് കുറച്ചു.

   A) ii & iii

   B) iii & iv

   C) ii മാത്രം

   D) iv മാത്രം

4. നബാർഡുമായി (NABARD) ബന്ധപ്പെട്ട ശരിയായ പ്രസ്താവന ഏത് ?

i. നബാർഡ് സ്ഥാപിതമായത് 1985 ലാണ്.

ii. നരസിംഹം കമ്മിറ്റിയുടെ ശുപാർശയുടെ ഫലമായി സ്ഥാപിതമായി.

iii. നബാർഡിന്റെ ആസ്ഥാനം മുംബൈയാണ്.

iv. ഇത് കൃഷിക്കും ഗ്രാമവികസനത്തിനും വേണ്ടി പ്രവർത്തിക്കുന്നു.

A) i & ii
B) ii & iii
C) i & iv
D) iii & iv

5. താഴെ തന്ന പ്രസ്താവനകളിൽ തെറ്റ് ഏത് ?

i. ഇന്ത്യയിലെ ആദ്യത്തെ ഡിജിറ്റൽ ബാങ്കിംഗ് സംസ്ഥാനം കർണാടകയാണ്.

ii. D-SIB ബാങ്കുകളിൽ ICICI ഉൾപ്പെടുന്നു.

iii. നീതി ആയോഗിന്റെ CEO ശ്രീ. B. V. R. സുബ്രഹ്മണ്യം ആണ്.

iv. 2023-ലെ സാമ്പത്തികശാസ്ത്ര നോബൽ സമ്മാനത്തിന് അർഹയായത് നർഗീസ് മുഹമ്മദിയാണ്.

A) i & ii
B) i & iv
C) ii & iii
D) iii & iv

6. സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ വൈസ് ചെയർമാൻ ആരാണ് ?

A) ശ്രീ. പിണറായി വിജയൻ
B) ശ്രീ. ഷെയ്ക്ക് ധർവേഷ് സഹേബ്
C) ശ്രീ. ആന്റണി രാജു
D) ശ്രീ. കെ. രാജൻ

7. മനുഷ്യരിൽ AB രക്തഗ്രൂപ്പ് 'സാർവ്വത്രിക സ്വീകർത്താവ്' എന്നറിയപ്പെടുന്നു. ഇതിനു കാരണമായി പറയാവുന്ന ശരിയായ പ്രസ്താവന ഏത് ?

A) ചുവന്ന രക്താണുക്കളിൽ A, B എന്നീ ആന്റിജനുകൾ ഉണ്ടായിരിക്കുകയും, പ്ലാസ്മയിൽ ആന്റിബോഡികൾ ഇല്ലാതെയുമിരിക്കുന്നു.

B) ചുവന്ന രക്താണുക്കളിൽ A, B എന്നീ ആന്റിജനുകൾ ഇല്ലാതിരിക്കുകയും, പ്ലാസ്മയിൽ ആന്റി – A , ആന്റി – B എന്നീ ആന്റിബോഡികൾ ഉണ്ടായിരിക്കുകയും ചെയ്യുന്നു.

C) ചുവന്ന രക്താണുക്കളിൽ A, B എന്നീ ആന്റിജനുകളും, പ്ലാസ്മയിൽ ആന്റി – A ആന്റി – B എന്നീ ആന്റിബോഡികളും ഉണ്ടായിരിക്കുന്നു.

D) ചുവന്ന രക്താണുക്കളിൽ A – ആന്റിജനും, പ്ലാസ്മയിൽ ആന്റി – B ആന്റി ബോഡിയും ഉണ്ടായിരിക്കുന്നു.

8. മാറാരോഗങ്ങളായ ഹീമോഫീലിയ, അരിവാൾ രോഗം, തലാസീമിയ, സെറിബ്രൽ പാൽസി മുതലായവ ബാധിച്ച, 18 വയസ്സിൽ താഴെയുള്ള കുട്ടികൾക്ക് സൗജന്യ ചികിത്സ ലഭ്യമാക്കുന്ന, കേരള സർക്കാർ നടപ്പിലാക്കിവരുന്ന പദ്ധതിയുടെ പേര് ?

A) സ്നേഹസ്പർശം
B) ആർദ്രം
C) താലോലം
D) സുകൃതം

9. അന്താരാഷ്ട്രതലത്തിൽ അറിയപ്പെടുന്ന 'ബ്ലൂ ഫ്ലാഗ്' എന്ന പരിസ്ഥിതി അടയാളപ്പെടുത്തൽ അഥവാ ഇക്കോ – ലാബൽ നൽകപ്പെടുന്നത്

A) പരിസ്ഥിതി സൗഹൃദമായി പ്രവർത്തിക്കുന്ന കുടിവെള്ള-വ്യവസായ സ്ഥാപനങ്ങൾക്ക്
B) പരിസ്ഥിതി സൗഹൃദവും, വൃത്തിയുള്ളതും, സുരക്ഷിതവുമായ കടൽത്തീരങ്ങൾക്ക്
C) മലിനീകരണ വിമുക്തമായ തണ്ണീർതടങ്ങൾക്ക്
D) പരിസ്ഥിതി സൗഹൃദപരമായ മത്സ്യകൃഷിക്ക്

10. മനുഷ്യശരീരത്തിലെ ഹോർമോണുകളുടെയും അവ ഉല്പാദിപ്പിക്കുന്ന അവയവങ്ങളുടെയും പട്ടിക നൽകിയിരിക്കുന്നു. നിരകളിലെ വാക്കുകൾ ചേരുംപടി ചേർക്കുക.

| ഹോർമോൺ | ഉല്പാദിപ്പിക്കുന്ന/പുറത്തുവിടുന്ന അവയവം |
|---|---|
| a. ഇൻസുലിൻ | 1. അണ്ഡാശയം |
| b. റിലാക്സിൻ | 2. പിനിയൽ ഗ്രന്ഥി |
| c. ഓക്സിടോസിൻ | 3. ആഗ്നേയഗ്രന്ഥി |
| d. മെലടോണിൻ | 4. പീയൂഷഗ്രന്ഥി |

A) a – 2, b – 1, c – 4, d – 3
B) a – 3, b – 4, c – 2, d – 1
C) a – 2, b – 4, c – 1, d – 3
D) a – 3, b – 1, c – 4, d – 2

11. ഇന്ത്യൻ ഭരണഘടനയിൽ സുപ്രീംകോടതിയുടെ പ്രത്യേക അധികാരമായ ഉദ്ഭവാധികാരത്തെ കുറിച്ച് പറഞ്ഞിരിക്കുന്ന അനുച്ഛേദം

A) 129 – അനുച്ഛേദം
B) 131 – അനുച്ഛേദം
C) 132 – അനുച്ഛേദം
D) 137 – അനുച്ഛേദം

12. H. D. ദേവഗൗഡയ്ക്ക് ശേഷം ഇന്ത്യൻ പ്രധാനമന്ത്രി ആയ വ്യക്തി ആരാണ് ?

A) ഡോ. മൻമോഹൻ സിംഗ്
B) എ. ബി. വാജ്പേയ്
C) ഐ. കെ. ഗുജ്റാൾ
D) വി. പി. സിംഗ്

13. കേരള സംസ്ഥാനത്ത് സാമൂഹ്യ നീതി വകുപ്പ് പ്രവർത്തനം ആരംഭിച്ചത്

A) 1975 സെപ്റ്റംബർ – 04
B) 1975 സെപ്റ്റംബർ – 09
C) 1979 ജനുവരി – 01
D) 1979 നവംബർ – 01

14. നിലവിലെ കേരള കർഷക കടാശ്വാസ കമ്മീഷൻ ചെയർമാൻ സ്ഥാനം വഹിക്കുന്നതാരാണ് ?

A) കെ. ജി. രവി
B) കെ. എബ്രഹാം മാത്യു
C) കെ. എം. ദിനകരൻ
D) ജസ്റ്റിസ് ജി. ശശിധരൻ

15. 'നവജീവൻ പദ്ധതി' നടപ്പിലാക്കുന്ന ഡിപ്പാർട്ട്മെന്റ് ഏത് ?

A) തൊഴിൽ
B) സാമൂഹ്യക്ഷേമം
C) ആരോഗ്യം
D) കൃഷി

16. 2023 ലെ രസതന്ത്ര നോബൽ പുരസ്കാരത്തിന് മൂന്ന് ശാസ്ത്രജ്ഞന്മാർ അർഹരായി. ഏത് കണ്ടുപിടിത്തത്തിനാണ് അവർക്ക് ഈ പുരസ്കാരം ലഭിച്ചത് ?

A) ക്ലിക്ക് കെമിസ്ട്രിയുടെയും ബയോ ഓർത്തോഗണൽ കെമിസ്ട്രിയുടെയും വികസനത്തിന്
B) അസിമെട്രിക് ഓർഗാനോ കാറ്റലിസിസിന്റെ വികസനത്തിന്
C) ക്രിസ്പർ കാസ് – 9 ജീനോം എഡിറ്റിംഗുമായി ബന്ധപ്പെട്ട കണ്ടെത്തലുകൾക്ക്
D) ക്വാണ്ടം ഡോട്ടുകളുടെ കണ്ടുപിടിത്തത്തിനും സമന്വയത്തിനും

17. 'മുക്തക'വുമായി ബന്ധപ്പെട്ട ശരിയായ പ്രസ്താവനകൾ ഏതൊക്കെ ?

i. പ്രാചീന നാടകവുമായി ബന്ധപ്പെട്ട ചടങ്ങാണ് മുക്തകം.
ii. സ്വയം പൂർണ്ണമായ ആശയങ്ങളോട് കൂടിയ ഒറ്റശ്ലോകമാണ്.
iii. അക്ഷരശ്ലോകവുമായി അഭേദ്യമായ ബന്ധം ഉണ്ട്.

A) i ഉം iii ഉം ശരി
B) ii മാത്രം ശരി
C) ii ഉം iii ഉം ശരി
D) iii മാത്രം ശരി

18. താഴെപ്പറയുന്നവയിൽ ഏതുമായി ബന്ധപ്പെട്ടതാണ് 'വാംഖഡെയുടെ ഹൃദയത്തുടിപ്പുകൾ' ?

A) ആത്മകഥ
B) കായിക ഫീച്ചർ
C) ചലച്ചിത്രം
D) കവിത

19. കേരളത്തിലെ പ്രാചീനകലകൾ എന്ന പുസ്തകം രചിച്ചതാര് ?

A) പ്രൊഫ. അമ്പലപ്പുഴ രാമവർമ്മ
B) എൻ. കൃഷ്ണപിള്ള
C) ഡോ. എസ്. രാജശേഖരൻ
D) ഡോ. എം. ലീലാവതി

20. ഫോക്‌ലോർ അക്കാദമിയുമായി ബന്ധപ്പെട്ട ശരിയായ പ്രസ്താവനകൾ ഏവ ?

i. കണ്ണൂർ ജില്ലയിൽ സ്ഥിതിചെയ്യുന്നു.
ii. ശ്രീ. ഒ. എസ്. ഉണ്ണികൃഷ്ണൻ ചെയർമാൻ ആണ്.
iii. 18 ജൂൺ 1995 ൽ സ്ഥാപിച്ചു.

A) i മാത്രം ശരി
B) ii ഉം iii ഉം ശരി
C) ii മാത്രം ശരി
D) i ഉം ii ഉം ശരി

21. ദേശീയ ജലപാത-3 ന്റെ ആകെ ദൈർഘ്യം

A) 168 കി.മീ.
B) 1620 കി.മീ.
C) 891 കി.മീ.
D) 205 കി.മീ.

22. പൂർവ്വ ഘട്ടത്തിലെ ഏറ്റവും ഉയരം കൂടിയ കൊടുമുടി

A) മഹേന്ദ്രഗിരി
B) മുല്ലയനഗിരി
C) ആനമുടി
D) മീശപ്പുലിമല

23. എല്ലാ പ്രധാന സമുദ്രങ്ങളുടെയും ഉപരിതലത്തിൽ രൂപം കൊള്ളുന്നതും ഭ്രമണം ചെയ്യുന്നതുമായ സമുദ്ര ജല സംവിധാനങ്ങൾ. ഇവ വൃത്താകൃതിയിൽ സമുദ്രജല പ്രവാഹങ്ങൾ രൂപം കൊള്ളാൻ കാരണമാവുന്നു.

A) തിരമാല
B) വേലി
C) ഗൈറുകൾ
D) സമുദ്രജല പ്രവാഹം

24. തന്നിരിക്കുന്നവയിൽ ഏറ്റവും ഉയരത്തിൽ കാണപ്പെടുന്ന മേഘം

A) സിറസ്
B) സ്ട്രാറ്റസ്
C) നിംബസ്
D) ക്യുമുലസ്

25. കോണ്ടൂർ രേഖയെക്കുറിച്ചുള്ള ശരിയായ പ്രസ്താവന ഏത് ?

പ്രസ്താവന 1 : അകലം കൂടിയ കോണ്ടൂർ രേഖകൾ ചരിവ് കുറഞ്ഞ പ്രതലത്തെയും അടുത്ത് വരച്ചിരിക്കുന്നവ കുത്തനെയുള്ള ചരിവിനെയും കാണിക്കുന്നു.

പ്രസ്താവന 2 : വ്യത്യസ്ത ഉയരങ്ങളെ കാണിക്കുന്ന കോണ്ടൂർ രേഖകൾ തമ്മിൽ പരസ്പരം മുറിച്ചു കടക്കാറില്ല.

A) പ്രസ്താവന 1 ശരി 2 തെറ്റ്
B) പ്രസ്താവന 2 ശരി 1 തെറ്റ്
C) രണ്ട് പ്രസ്താവനകളും ശരി
D) രണ്ട് പ്രസ്താവനകളും തെറ്റ്

26. ഒരു ബസ്സിൽ റിയർ വ്യൂ മിറർ ആയി ഉപയോഗിച്ചിരിക്കുന്ന കോൺവെക്സ് ദർപ്പണത്തിന്റെ ഫോക്കസ് ദൂരം 0.6 മീറ്റർ ആണ്. ഇതിന്റെ വക്രതാ ആരം നിർണ്ണയിക്കുക.

A) 0.3 മീറ്റർ
B) 1.8 മീറ്റർ
C) 1.2 മീറ്റർ
D) 2.4 മീറ്റർ

27. മനുഷ്യ ശരീരത്തിന്റെ സാധാരണ താപനില 37°C ആണ്. ഇതിന് സമാനമായ ഫാരൻഹീറ്റ് സ്കെയിൽ താപനില എത്ര ആയിരിക്കും ?

A) 34.6°F
B) 98.6°F
C) 94.6°F
D) 96.8°F

28. ലോകത്തിലെ ആദ്യത്തെ ബഹിരാകാശ വിനോദ സഞ്ചാരി

A) ഗോപിചന്ദ് തോട്ടക്കൂറ
B) അനൗഷേ അൻസാരി
C) സന്തോഷ് ജോർജ് കുളങ്ങര
D) ഡെന്നീസ് ടിറ്റോ

29. വ്യാവസായികമായി ലോഹം ഉല്പാദിപ്പിക്കാനുപയോഗിക്കുന്ന ലോഹധാതുക്കളാണ് അയിരുകൾ. താഴെ കൊടുത്തിരിക്കുന്നവയിൽ സിങ്ക് ലോഹത്തിന്റെ അയിര് ഏതാണ് ?

A) പൈറോളൈസൈറ്റ്
B) കലാമൈൻ
C) സിന്നബാർ
D) മാലകൈറ്റ്

30. താഴെ കൊടുത്തിരിക്കുന്ന പ്രസ്താവനകളിൽ സംക്രമണമൂലകങ്ങളുടെ സവിശേഷത അല്ലാത്തത് ഏത് ?

i. എല്ലാ മൂലകങ്ങളും ലോഹങ്ങൾ ആണ്.

ii. നിറമുള്ള സംയുക്തങ്ങൾ ഉണ്ടാക്കുന്നു.

iii. സ്ഥിരമായ ഓക്സീകരണാവസ്ഥ കാണിക്കുന്നു..

iv. മൂലകങ്ങളും സംയുക്തങ്ങളും ഉൽപ്രേരകങ്ങളായി ഉപയോഗിക്കുന്നു.

A) i

B) ii

C) iii

D) iv

31. എഫ്. പി. റ്റി. പി. (FPTP) യുടെ പൂർണ്ണ രൂപം

A) ഫസ്റ്റ് പെയ്ഡ് ദ ടാക്സ് സിസ്റ്റം

B) ഫസ്റ്റ് പാസ്റ്റ് ദ പോസ്റ്റ് സിസ്റ്റം

C) ഫസ്റ്റ് പ്രിവിലേജിഡ് പേഴ്സൺ

D) ഇതൊന്നുമല്ല

32. താഴെ തന്നിരിക്കുന്നവയിൽ കൺകറന്റ് ലിസ്റ്റിൽ ഉൾപ്പെടാത്തത് ഏത് ?

A) ദത്തെടുക്കൽ

B) തൊഴിലാളി സംഘടന

C) വനം

D) വ്യാപാരവും വാണിജ്യവും

33. ഇന്ത്യൻ ഭരണഘടനയിൽ ദേശീയ പിന്നോക്ക വിഭാഗ കമ്മീഷനെ കുറിച്ച് പ്രതിപാദിക്കുന്ന അനുച്ഛേദം

A) അനുച്ഛേദം – 337

B) അനുച്ഛേദം – 338 (A)

C) അനുച്ഛേദം – 338 (B)

D) അനുച്ഛേദം – 338

34. ശരിയായ പ്രസ്താവന കണ്ടെത്തുക.

a. ഒരു സംസ്ഥാനത്തെ മന്ത്രിമാരുടെ എണ്ണം മുഖ്യമന്ത്രി ഉൾപ്പെടെ 12-ൽ കുറയാൻ പാടുള്ളതല്ല.

b. ഒരു സംസ്ഥാനത്തെ മന്ത്രിസഭയിലെ മന്ത്രിമാരുടെ ആകെ എണ്ണം മുഖ്യമന്ത്രി ഉൾപ്പെടെ ആ നിയമസഭയിലെ ആകെ അംഗങ്ങളുടെ 15 ശതമാനത്തിൽ കവിയാൻ പാടുള്ളതല്ല.

c. മന്ത്രിസഭ സംസ്ഥാനത്തെ നിയമസഭയോട് കൂട്ടുത്തരവാദിത്തം ഉണ്ടായിരിക്കണമെന്ന് പ്രസ്താവിച്ചിരിക്കുന്നത് ഭരണഘടനയുടെ 164 (2) അനുച്ഛേദം ആകുന്നു.

d. ഗവർണർക്ക് ഇഷ്ടമുള്ളിടത്തോളം കാലം അഡ്വക്കേറ്റ് – ജനറലിന് ഉദ്യോഗം വഹിക്കാവുന്നതാണ്.

A) b, c, d ശരി

B) a, c, d ശരി

C) a, b, c ശരി

D) എല്ലാം ശരി

35) താഴെ തന്നിരിക്കുന്നവയിൽ തെറ്റായ പ്രസ്താവന ഏത് ?

A) ഒരു സംസ്ഥാനത്ത് നിയമ സമിതിയിലെ അംഗങ്ങൾ എന്നത്, ആ സമിതിയിലെ ആകെയുള്ള സംഖ്യ ആ സംസ്ഥാന നിയമസഭയിലെ അംഗങ്ങളുടെ സംഖ്യയുടെ മൂന്നിലൊന്നിൽ കവിയാൻ പാടുള്ളതല്ല.

B) ഒരു സംസ്ഥാനത്തിന്റെ നിയമസഭയിലെ അംഗം തന്റെ സ്ഥാനം സ്വീകരിക്കുന്നതിന് മുമ്പ് ഗവർണ്ണറുടെയോ അദ്ദേഹം അതിലേക്ക് നിയമിക്കുന്ന ആളുടെയോ മുമ്പാകെ പ്രതിജ്ഞ ചെയ്യേണ്ടതാണ് എന്ന് പറഞ്ഞിരിക്കുന്ന അനുച്ഛേദം 189 ആകുന്നു.

C) ഒരു പണബിൽ നിയമസമിതിയിൽ അവതരിപ്പിക്കുവാൻ പാടുള്ളതല്ല എന്ന് ഭരണഘടനയുടെ 198 (1) അനുച്ഛേദം പറഞ്ഞിരിക്കുന്നു.

D) ഹൈക്കോടതിയിലെ ഏതെങ്കിലും ജഡ്ജിയുടെ കർത്തവ്യനിർവ്വഹണ പെരുമാറ്റത്തെപ്പറ്റി സംസ്ഥാനത്തിന്റെ നിയമ നിർമ്മാണ സഭയിൽ ചർച്ച പാടില്ല.

36. 'ഇൻ മെമ്മോറിയം' എന്ന ചിത്രം ഏതു ചരിത്ര സംഭവവുമായി ബന്ധപ്പെട്ടിരിക്കുന്നു

A) ഫ്രഞ്ച് വിപ്ലവം (1789)

B) 1688 ലെ മഹത്തായ വിപ്ലവം

C) 1921 ലെ വാഗൺ ട്രാജഡി

D) 1857 ലെ ഒന്നാം സ്വാതന്ത്ര്യസ

ഇന്ത്യൻ നാഷ്ണൽ കോൺഗ്രസിനെ 'ഒരു മൈക്രോസ്കോപ്പിലൂടെ മാത്രം കാണാൻ കഴിയുന്ന ന്യൂനപക്ഷ ജനതയുടെ പ്രതിനിധികളെന്ന്' കളിയാക്കി പറഞ്ഞ ബ്രിട്ടീഷ് ഉദ്യോഗസ്ഥൻ ?

A) ലോർഡ് കോൺവാലിസ്
B) ലോർഡ് ഡഫറിൻ
C) ലോർഡ് കഴ്സൺ
D) ലോർഡ് റിപ്പൺ

. താഴെപ്പറയുന്നവയിൽ ചട്ടമ്പി സ്വാമികളുടെ കൃതി/കൃതികൾ അല്ലാത്തത് ഏത് ?

I. ആത്മോപദേശശതകം
II. ആദിഭാഷ
III. പ്രാചീന മലയാളം
IV. അഭിനവ കേരളം

A) I മാത്രം
B) II & III എന്നിവ
C) I & IV എന്നിവ
D) IV മാത്രം

39. പ്രശസ്ത ചരിത്രകാരൻ എം. ജി. എസ്. നാരായണനുമായി ബന്ധപ്പെട്ട ശരിയായ പ്രസ്താവനകൾ ഏതെല്ലാം ?

I. ഇന്ത്യൻ കൗൺസിൽ ഓഫ് ഹിസ്റ്റോറിക്കൽ റിസർച്ചിന്റെ ചെയർമാൻ ആയിട്ടുണ്ട്.
II. പെരുമാൾസ് ഓഫ് കേരള എന്ന പ്രശസ്ത ഗ്രന്ഥം രചിച്ചു.
III. കേരള സാഹിത്യ അക്കാദമി അവാർഡ് നേടിയിട്ടുണ്ട്.
IV. 2025 ഏപ്രിൽ 26 ന് അന്തരിച്ചു.

A) I & II പ്രസ്താവനകൾ മാത്രം ശരിയാണ്
B) I, II & IV പ്രസ്താവനകൾ മാത്രം ശരിയാണ്
C) എല്ലാ പ്രസ്താവനകളും തെറ്റാണ്
D) എല്ലാ പ്രസ്താവനകളും ശരിയാണ്

40. സാൻ, മിൻ, ച്യുയി ഇവ എന്താണ് ?

A) ദേശീയത, ജനാധിപത്യം, സോഷ്യലിസം
B) സാഹോദര്യം, സമത്വം, ദേശീയത
C) സമത്വം, സ്വാതന്ത്ര്യം, സാഹോദര്യം
D) സ്വേച്ഛാധിപത്യം, വംശീയത, പ്രാദേശികവാദം

41. തന്നിരിക്കുന്ന ശ്രേണി പൂരിപ്പിക്കുക.

4, 9, ...., 49, 121, 169, ...

A) (25, 289)  B) (16, 289)
C) (36, 100)  D) (16, 100)

42. ഈ ശ്രേണിയുടെ അടുത്ത സംഖ്യ ഏത് ?

1, 2, 5, 16, 65, ...

A) 326  B) 271  C) 196  D) 131

43. കുട്ടികളുടെ ഒരു നിരയിൽ, വരിയുടെ ഇടത് വശത്ത് നിന്നുള്ള A യുടെ സ്ഥാനം 27-ാമതും വരിയുടെ വലതുവശത്ത് നിന്നുള്ള A യുടെ സ്ഥാനം 34 ഉം ആണ്. നിരയിലെ ആകെ കുട്ടികളുടെ എണ്ണം എത്ര ?

A) 60  B) 61  C) 62  D) 59

44. 5:30-ന് ഒരു ക്ലോക്കിന്റെ മിനിറ്റ് സൂചിയും മണിക്കൂർ സൂചിയും തമ്മിലുള്ള കോൺ എന്താണ് ?

A) 05°  B) 15°  C) 25°  D) 35°

45. 7 കൊണ്ട് നിശേഷം ഹരിക്കാൻ പറ്റുന്ന ഏറ്റവും ചെറിയ മൂന്നക്ക സംഖ്യയുടെയും ഏറ്റവും വലിയ സംഖ്യയുടെയും ശരാശരി ഏത് ?

A) 549  B) 550  C) 549.5  D) 550.5

46. 49 സെന്റീമീറ്റർ × 33 സെന്റീമീറ്റർ × 24 സെന്റീമീറ്റർ അളവുകളുള്ള ഒരു ചതുരക്കട്ടയുടെ രൂപത്തിൽ ഒരു ഖര ഇരുമ്പ് കഷ്ണം രൂപപ്പെടുത്തി ഒരു ഗോളം ഉണ്ടാക്കുന്നു. ഗോളത്തിന്റെ ആരം എന്ത് ?

A) 21 cm  B) 23 cm  C) 25 cm  D) 19 cm

47. ഒരുവ്യക്തി 15 മണിക്കൂർ സഞ്ചരിക്കുന്നു, ആദ്യപകുതി മണിക്കൂറിൽ 21 കിലോമീറ്ററിലും മറ്റേ പകുതി മണിക്കൂറിൽ 24 കിലോമീറ്ററിലും. സഞ്ചരിച്ച ദൂരം കണ്ടെത്തുക.

A) 336 Km  B) 346 Km
C) 224 Km  D) 285 Km

48. ഇന്ന് തിങ്കളാഴ്ചയാണ്. 61 ദിവസത്തിന് ശേഷം, ഏതു ദിവസമായിരിക്കും ?

A) ചൊവ്വാഴ്ച
B) ബുധനാഴ്ച
C) വ്യാഴാഴ്ച
D) ശനിയാഴ്ച

49. ഒരാൾ തന്റെ സമ്പാദ്യത്തിന്റെ 50% മകനും 32% മകൾക്കും നൽകി. അദ്ദേഹത്തിന്റെ കൈയ്യിൽ 54,000 രൂപ ബാക്കിയുണ്ടെങ്കിൽ മകനു കൊടുത്ത സംഖ്യ ഏത് ?

A) 27,000
B) 2,00,000
C) 96,000
D) 1,50,000

50. 30 പുരുഷന്മാർക്ക് 24 ദിവസം കൊണ്ട് ഒരു ജോലി പൂർത്തിയാക്കാൻ കഴിയുമെങ്കിൽ, 120 ദിവസം കൊണ്ട് ജോലി പൂർത്തിയാക്കാൻ എത്ര പുരുഷന്മാർ ആവശ്യമാണ് ?

A) 8
B) 6
C) 12
D) 18

51. അത്യാസന്ന ഘട്ടങ്ങളിൽ റോഡുകളിൽ ഏത് വാഹനത്തിനാണ് മുൻഗണന നൽകേണ്ടത് ?

A) ജനപ്രതിനിധികളുടെ വാഹനത്തിന്
B) പോലീസ് വാഹനത്തിന്
C) ആംബുലൻസ്
D) ഫയർ സർവീസ് വാഹനത്തിന്

52. വാഹനം കേടായാൽ കെട്ടിവലിച്ച് കൊണ്ടുപോകുവാൻ പാടില്ലാത്ത വാഹനങ്ങൾ ഏതാണ് ?

A) ഓട്ടോറിക്ഷ
B) ബസ്
C) കാർ
D) ഇരുചക്ര വാഹനം

53. പെട്രോൾ എൻജിൻ കണ്ടുപിടിച്ച ശാസ്ത്രജ്ഞൻ ആരാണ് ?

A) നിക്കോളാസ് ഓഗസ്റ്റ് ഓട്ടോ
B) റുഡോൾഫ് ഡീസൽ
C) ഹെൻട്രി ഫോർഡ്
D) ഇവരാരുമല്ല

54. ഒരു മേജർ ആക്സിഡന്റ് കാണാൻ ഇടയായാൽ ആദ്യം എന്താണ് ചെയ്യേണ്ടത് ?

A) പോലീസ് സ്റ്റേഷനിൽ വിവരം നൽകുക.

B) അപകടത്തിൽ പരിക്ക് പറ്റിയവർക്ക് വൈദ്യസഹായം എത്രയും പെട്ടെന്ന് നൽകുക.

C) അപകട സ്ഥലത്തിൽ നിന്നും വാഹനം സുരക്ഷിതമായ സ്ഥലത്തേക്ക് മാറ്റി നിർത്തുക.

D) രജിസ്ട്രേഷൻ ഉൾപ്പെടെയുള്ള വാഹനത്തിന്റെ ഫോട്ടോ എടുക്കുക.

55. താഴെ തന്നിരിക്കുന്നതിൽ വാഹനങ്ങളുടെ മുൻഗണന ക്രമം ശരിയായത് തിരഞ്ഞെടുക്കുക.

A) ഫയർ എൻജിൻ, ആംബുലൻസ്, പോലീസ്, പബ്ലിക് ട്രാൻസ്പോർട്ട്

B) പോലീസ്, ആംബുലൻസ്, ഫയർ എൻജിൻ, പബ്ലിക് ട്രാൻസ്പോർട്ട്

C) ആംബുലൻസ്, പോലീസ്, ഫയർ എൻജിൻ, പബ്ലിക് ട്രാൻസ്പോർട്ട്

D) ഇവയൊന്നുമല്ല

56. കേന്ദ്ര മോട്ടോർ വാഹന ചട്ടം 167 (5) പ്രകാരം തയ്യാറാക്കിയ ഇ ചെല്ലാൻ എത്ര ദിവസത്തിനുള്ളിൽ തീർപ്പാക്കണം ?

A) 30 ദിവസം

B) 60 ദിവസം

C) 90 ദിവസം

D) 1 വർഷം

7. സ്പീഡ് ഗവർണർ ആവശ്യമുള്ള വാഹനങ്ങൾ ഏതെല്ലാം ?

A) കെ എസ് ആർ ടി സി

B) ആംബുലൻസ്

C) ഫയർ ടെൻഡർ

D) പോലീസ് വാഹനം

കേന്ദ്ര മോട്ടോർ വാഹന ചട്ടം 125 പ്രകാരം ഏത് വർഷത്തിനുശേഷം നിർമ്മിക്കുന്ന വാഹനങ്ങൾക്കാണ് സീറ്റ് ബെൽറ്റ് നിർബന്ധമാക്കിയിട്ടുള്ളത് ?

A) 1993

B) 1994

C) 2002

D) 2000

സ്പാർക്ക് അറസ്റ്റർ ഏതുതരം വാഹനങ്ങളിലാണ് ഘടിപ്പിക്കേണ്ടത് ?

A) കെ എസ് ആർ ടി സി ബസ്

B) ടൂറിസ്റ്റ് ബസ്

C) സ്കൂൾ ബസ്

D) ഹസാഡസ് ഗുഡ്സ് വാഹനങ്ങൾ

60. കാറ്റഗറി T യിൽ പെട്ട വാഹനത്തെ കെട്ടി വലിക്കാൻ അധികാരപ്പെടുത്തിയിരിക്കുന്നത് _________ കാറ്റഗറിയിൽപ്പെട്ട വാഹനങ്ങളെയാണ്.

A) കാറ്റഗറി N2 & N3
B) കാറ്റഗറി L1 മാത്രം
C) കാറ്റഗറി N2 മാത്രം
D) കാറ്റഗറി N1 മാത്രം

61. ഇൻഷുറൻസ് ഇല്ലാതെ പൊതുനിരത്തിൽ വാഹനം ഓടിച്ചാൽ ഡ്രൈവർക്ക് ലഭിക്കാവുന്ന പിഴ എത്രയാണ് ?

A) 1,000 രൂപ
B) 1,500 രൂപ
C) 2,000 രൂപ
D) 4,000 രൂപ

62. പ്രായപൂർത്തി ആകാത്ത കുട്ടി പൊതുനിരത്തിൽ വാഹനം ഓടിച്ചാൽ ലഭിക്കാവുന്ന ശിക്ഷ

A) വാഹന ഉടമ അല്ലെങ്കിൽ മാതാപിതാക്കൾക്ക് 25,000 രൂപ പിഴയും 3 വർഷം തടവും
B) വാഹനത്തിന്റെ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് 12 മാസത്തേക്ക് അയോഗ്യത കല്പിക്കും
C) വാഹനം ഓടിച്ച കുട്ടിക്ക് 25 വയസ്സ് വരെ ലൈസൻസ് ലഭിക്കുകയില്ല
D) മുകളിൽ പറഞ്ഞവ എല്ലാം

63. ഗുഡ് സമരിറ്റൻന്റെ അവകാശങ്ങൾ ശരിയായത് തിരഞ്ഞെടുക്കുക.

A) അദ്ദേഹത്തിന്റെ വ്യക്തിഗത വിവരം നൽകാൻ അദ്ദേഹത്തിന് താല്പര്യം ഇല്ലെങ്കിൽ പോലീസിന് നിർബന്ധിക്കാൻ പാടില്ല
B) പരിക്കുപറ്റിയ ആളുടെ ചികിത്സ ചിലവ് വഹിക്കണം
C) ഹോസ്പിറ്റലിൽ പരിക്ക് പറ്റിയ ആളുടെ ചികിത്സക്കായി അവിടെ നിൽക്കണം
D) ഇവയിൽ എല്ലാം

64. ഒരു പോലീസ് ഉദ്യോഗസ്ഥന് വാഹനങ്ങളുടെ രേഖ പിടിച്ചെടുക്കാൻ അധികാരം നൽകുന്ന സെക്ഷൻ ഏതാണ് ?

A) സെക്ഷൻ 206
B) സെക്ഷൻ 207
C) സെക്ഷൻ 208
D) സെക്ഷൻ 209

65. വാഹന ചെക്കിങ് സമയത്ത് വാഹനത്തിന്റെ രേഖകൾ ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ ആവശ്യപ്പെട്ടാൽ ഇലക്ട്രോണിക് ഫോമിലും ഹാജരാക്കാം എന്ന അനുവാദം നൽകുന്നത് ?

A) കേന്ദ്ര മോട്ടോർ വാഹന ചട്ടം

B) മോട്ടോർ വെഹിക്കിൾ ആക്ട്

C) കേരള മോട്ടോർ വെഹിക്കിൾ ചട്ടം

D) മോട്ടോർ വെഹിക്കിൾ ഡ്രൈവിംഗ് റെഗുലേഷൻ 2017

66. പബ്ലിക് സർവ്വീസ് വെഹിക്കിൾ വാഹനങ്ങളുടെ ഗണത്തിൽപ്പെടുന്നത് ഏതാണ് ?

A) ചരക്ക് വാഹനം

B) സ്റ്റേജ് കേരേജ്

C) ട്രെയിലർ

D) ട്രാക്ടർ

67. ഒരു വാഹനത്തിന്റെ പെർമിറ്റ് കാലാവധി അവസാനിക്കുന്നതിന്റെ എത്ര ദിവസം മുമ്പാണ് പെർമിറ്റ് പുതുക്കുന്നതിനുള്ള അപേക്ഷ സമർപ്പിക്കേണ്ടത് ?

A) 7 ദിവസം

B) 15 ദിവസം മുൻപ്

C) 2 ആഴ്ച ശേഷം

D) അവസാനിക്കുന്ന ദിവസം

68. ഒരു വാഹനം റോഡിന്റെ ഇടതുവശം ചേർന്നാണ് സഞ്ചരിക്കേണ്ടത് എന്ന് വ്യക്തമാക്കുന്നത് എവിടെയാണ് ?

A) മോട്ടോർ വെഹിക്കിൾ ആക്ട്

B) സെൻട്രൽ മോട്ടോർ വെഹിക്കിൾ റൂൾസ്

C) കേരള മോട്ടോർ വെഹിക്കിൾ ടാക്സ് ആക്ഷൻ ആക്ട്

D) മോട്ടോർ വെഹിക്കിൾ ഡ്രൈവിംഗ് റെഗുലേഷൻ 2017

69. എത്ര വയസ്സ് വരെയുള്ള കുട്ടികൾക്ക് വാഹനത്തിൽ യാത്ര ചെയ്യാൻ ചൈൽഡ് റെസ്ട്രയിൻ സിസ്റ്റം ഘടിപ്പിക്കണം ?

A) 12 വയസ്സ്

B) 2 വയസ്സ്

C) 10 വയസ്സ്

D) ഇവയൊന്നുമല്ല

70. മണിക്കൂറിൽ 25 കിലോമീറ്റർ വേഗതയിൽ സഞ്ചരിക്കാൻ പാടില്ലാത്ത സ്ഥലങ്ങൾ ഏതൊക്കെയാണ് ?

A) സ്കൂൾ പരിസരം

B) നിർമ്മാണ പ്രവർത്തി നടക്കുന്ന റോഡ്

C) ആശുപത്രി പരിസരം

D) ഇവയെല്ലാം

71. ബ്രേക്ക് ഫെയ്ഡിങ് എന്നാൽ എന്താണ് ?

A) ബ്രേക്ക് ലൈനർ പെട്ടെന്ന് തേഞ്ഞു പോകുന്നത്

B) ബ്രേക്ക് പെഡൽ ചവിട്ടിയിട്ടും മുഴുവൻ ബ്രേക്ക് കിട്ടാത്ത അവസ്ഥ

C) ബ്രേക്ക് നിരന്തരം ഉപയോഗിച്ചതിൽ ചൂടായി ലൈനറും ബ്രേക്ക് ഡ്രമ്മും തമ്മിലുള്ള ഘർഷണം കുറഞ്ഞ് ബ്രേക്ക് കിട്ടാത്ത അവസ്ഥ

D) ഓപ്ഷൻ A യും B യും

72. എം. എസ്. എം. എന്നതിന്റെ പൂർണ്ണരൂപം

A) മിറർ സിഗ്നൽ മാനുവർ

B) മർജിങ് സിഗ്നൽ മാനുവർ

C) മാനുവർ സിഗ്നൽ മിറർ

D) ഇവയൊന്നുമല്ല

73. S.R.O. NO 707/2023 പ്രകാരം വേഗത നിശ്ചയിച്ചിട്ടുള്ള റോഡുകളിൽ N കാറ്റഗറി വാഹനങ്ങളുടെ നാഷണൽ ഹൈവേ-ആറുവരി പാതയിൽ അനുവദനീയമായ സ്പീഡ് എത്രയാണ് ?

A) മണിക്കൂറിൽ 80 കിലോമീറ്റർ വേഗം

B) മണിക്കൂറിൽ 70 കിലോമീറ്റർ വേഗം

C) മണിക്കൂറിൽ 65 കിലോമീറ്റർ വേഗം

D) മണിക്കൂറിൽ 50 കിലോമീറ്റർ വേഗം

74. ഒരു വാഹനത്തിന്റെ ലോഡ് അടക്കമുള്ള ആകെ ഭാരം പ്രതിപാദിക്കുന്നത് വാഹനത്തിന്റെ ____________ സർട്ടിഫിക്കറ്റിൽ ആണ്.

A) സർട്ടിഫിക്കറ്റ് ഓഫ് രജിസ്ട്രേഷൻ

B) പുക പരിശോധന സർട്ടിഫിക്കറ്റ്

C) കൈവശ സർട്ടിഫിക്കറ്റ്

D) ഇവയിൽ എല്ലാം

75. കാവൽ ഇല്ലാത്ത റെയിൽവേ ലെവൽ ക്രോസിൽ വാഹനം സമീപിക്കുമ്പോൾ ഡ്രൈവർ

A) കാവൽ ഇല്ലാത്തതിനാൽ വാഹനം നേരെ ഓടിച്ചു പോകണം

B) വാഹനം നിർത്തി ട്രെയിൻ വരുന്നില്ലെന്ന് ഉറപ്പുവരുത്തി മുന്നോട്ടുപോകണം

C) എതിർദിശയിൽ നിന്നും വാഹനം വരുന്നുണ്ടെങ്കിൽ കടന്നു പോകാം

D) ഇവയൊന്നുമല്ല

76. താഴെ നൽകിയിരിക്കുന്നതിൽ ഏതാണ് ട്രാൻസ്പോർട്ട് വാഹനത്തിൽ പെടുന്നത് ?

A) എഡ്യൂക്കേഷണൽ ഇൻസ്റ്റിറ്റ്യൂഷൻ ബസ്

B) പബ്ലിക് സർവീസ് വെഹിക്കിൾ

C) ഗുഡ്സ് ക്യാരേജ്

D) ഇവയെല്ലാം

77. L–1 കാറ്റഗറിയിൽ പെട്ട വാഹനം ഏതാണ് ?

A) മോട്ടോർസൈക്കിൾ വിത്ത് ഗിയർ

B) മോട്ടോർസൈക്കിൾ വിത്തൗട്ട് ഗിയർ

C) എൻജിന്റെ കപ്പാസിറ്റി 50 സിസിയിൽ കൂടുതലുള്ള വാഹനങ്ങൾ

D) ഓപ്ഷൻ A യും B യും

78. മോട്ടോർ വാഹന നിയമത്തിൽ ഒരാൾക്ക് ഡ്രൈവിംഗ് ലൈസൻസ് കരസ്ഥമാക്കാൻ പ്രായപരിധി നിശ്ചയിക്കുന്നത് ഏത് സെക്ഷനിലാണ് ?

A) സെക്ഷൻ 3

B) സെക്ഷൻ 4

C) സെക്ഷൻ 5

D) സെക്ഷൻ 6

79. ലേണേഴ്സ് ലൈസൻസ് എടുത്താം പാസായവർക്ക് ഏത് ഫോമിലാണ് ലേണിംഗ് ലൈസൻസ് നൽകുന്നത് ?

A) ഫോം 3
B) ഫോം 4
C) ഫോം 5
D) ഇവയൊന്നുമല്ല

80. ആരാണ് ലൈസൻസിംഗ് അതോറിറ്റി ?

A) ആർ ടി ഒ
B) ജോയിന്റ് ആർ ടി ഒ
C) മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർ
D) ട്രാൻസ്പോർട്ട് കമ്മീഷണർ

81. കേരള സർക്കാരിന്റെ വിമുക്തി മിഷന്റെ കീഴിൽ പ്രവർത്തിയ്ക്കുന്ന ഡി-അഡിക്ഷൻ സെന്ററുകളുമായി (ലഹരിമോചന കേന്ദ്രം) ബന്ധപ്പെട്ട് താഴെ പറയുന്നവയിൽ ഏറ്റവും ശരിയായത് ഏത് ?

i. പതിനാല് ജില്ലകളിലും ഓരോ ഡി-അഡിക്ഷൻ സെന്റർ വീതം പ്രവർത്തിച്ചു വരുന്നു.
ii. ഡി-അഡിക്ഷൻ സെന്ററുകളിലെ ചികിത്സ സൗജന്യമാണ്.
iii. ഡി-അഡിക്ഷൻ സെന്ററുകളിലെ ചികിത്സ സൗജന്യമല്ല.
iv. ഡി-അഡിക്ഷൻ സെന്ററുകളിൽ ഒ. പി. ചികിത്സയും, ഐ. പി. ചികിത്സയും ലഭ്യമാണ്.

A) i, iii ശരിയാണ്
B) i, iv ശരിയാണ്
C) i, iii, iv ശരിയാണ്
D) i, ii, iv ശരിയാണ്

82. കേരള എക്സൈസ് വകുപ്പിന്റെ വിമുക്തി ഡി-അഡിക്ഷന്റെ ഭാഗമായി പൊതു ജനങ്ങൾക്ക് ലഭ്യമാക്കിയിട്ടുള്ള ടോൾ-ഫ്രീ നമ്പർ

A) 14505
B) 14405
C) 15405
D) 15505

83. കുട്ടികളിലെ മയക്കുമരുന്ന് ഉപയോഗം ചെറുക്കുന്നതിനുള്ള മാർഗ്ഗമെന്ന നിലയിൽ ലഹരിയ്ക്കെതിരെ കായികലഹരി എന്ന ആശയം ശക്തിപ്പെടുത്തുന്നതിന് കേരള എക്സൈസ് വകുപ്പ് സ്കൂൾ തലത്തിൽ നടപ്പിലാക്കിവരുന്ന പദ്ധതി ഏത് ?

A) ശ്രദ്ധ
B) നേർക്കൂട്ടം
C) ഉണർവ്വ്
D) യോദ്ധാവ്

84. താഴെ പറയുന്നവയിൽ ശരിയായ പ്രസ്താവന ഏത് ?

A) സൈബർ ഭീകരത നടത്തുകയോ അതിന് ഗൂഢാലോചന നടത്തുകയോ ചെയ്യുന്നവർ 7 വർഷം വരെ തടവ് ശിക്ഷയ്ക്ക് വിധേയരാകും

B) സൈബർ ഭീകരത നടത്തുകയോ അതിന് ഗൂഢാലോചന നടത്തുകയോ ചെയ്യുന്നവർ 10 വർഷം വരെ തടവ് ശിക്ഷയ്ക്ക് വിധേയരാകും

C) സൈബർ ഭീകരത നടത്തുകയോ അതിന് ഗൂഢാലോചന നടത്തുകയോ ചെയ്യുന്നവർ ജീവപര്യന്തം വരെ തടവ് ശിക്ഷയ്ക്ക് വിധേയരാകും

D) സൈബർ ഭീകരത നടത്തുകയോ അതിന് ഗൂഢാലോചന നടത്തുകയോ ചെയ്യുന്നവർ വധശിക്ഷയ്ക്ക് വിധേയരാകും

85. വിവരസാങ്കേതിക വിദ്യാ നിയമത്തിന്റെ 78-ാം വകുപ്പ് പ്രകാരം, ആ നിയമ പ്രകാരമുള്ള കുറ്റകൃത്യങ്ങൾ അന്വേഷിക്കാൻ അധികാരമുള്ള വ്യക്തി ?

A) ഹെഡ് കോൺസ്റ്റബിൾ

B) ഇൻസ്പെക്ടർ റാങ്കിൽ താഴെയല്ലാത്ത പോലീസ് ഉദ്യോഗസ്ഥൻ

C) മജിസ്ട്രേറ്റ്

D) CID ഓഫീസർ

86. കേരളത്തിൽ വില്പന നടത്തുന്ന വൈനിന്റെ അനുവദനീയമായ മിനിമം വീര്യം എത്രയാണ് ?

A) 8% വോള്യം/വോള്യം

B) 6% വോള്യം/വോള്യം

C) 12% വോള്യം/വോള്യം

D) 15.5% വോള്യം/വോള്യം

87. കേരളത്തിൽ നികുതി വകുപ്പ് ടൂറിസം സെന്ററുകളായി നോട്ടിഫൈ ചെയ്തിട്ടുള്ള പ്രദേശങ്ങളിൽ സ്ഥിതിചെയ്യുന്ന ബാർ/ബിയർ & വൈൻ പാർലർ എന്നിവയുടെ പ്രവർത്തന സമയം നിജപ്പെടുത്തിയിരിക്കുന്നത് എപ്രകാരമാണ് ?

A) രാവിലെ 11 മണി മുതൽ രാത്രി 11 മണി വരെ

B) രാവിലെ 10 മണി മുതൽ രാത്രി 11 മണി വരെ

C) രാവിലെ 10 മണി മുതൽ രാത്രി 12 മണി വരെ

D) രാവിലെ 11 മണി മുതൽ രാത്രി 12 മണി വരെ

88. ഒരു വിദ്യാഭ്യാസ സ്ഥാപനത്തിന്റെ 80 യാർഡ് ചുറ്റളവിനുള്ളിൽ സ്ഥിതിചെയ്യുന്ന ഒരു കടയിൽ പുകയില ഉല്പന്നങ്ങൾ വില്പന നടത്തുന്നത് നിലവിലെ കോട്പ നിയമ പ്രകാരം കുറ്റകരമാണോ ? ആണെങ്കിൽ കോട്പ നിയമം ഏതു വകുപ്പ് പ്രകാരം എക്സൈസ് വകുപ്പിന് കേസ്സെടുക്കാം ?

A) കുറ്റകരമല്ല

B) കുറ്റകരമാണ്; കോട്പ നിയമം 6(a)

C) കുറ്റകരമാണ്; കോട്പ നിയമം 6(b)

D) ഇവയൊന്നുമല്ല

89. കോട്പ നിയമം 2003 പ്രകാരം പൊതുസ്ഥലത്ത് പുകവലിയ്ക്കുന്ന ഒരാൾക്ക് എതിരെ ഏതു വകുപ്പ് പ്രകാരമാണ് എക്സൈസ് വകുപ്പ് കേസ്സ് എടുക്കുന്നത് ?

A) കോട്പ നിയമം 6(a) r/w 24

B) കോട്പ നിയമം 4 r/w 21

C) കോട്പ നിയമം 6(b) r/w 24

D) കോട്പ നിയമം 6(a) r/w 21

90. കോട്പ നിയമം 2003 സെക്ഷൻ 4, 6(a), 6(b) എന്നിവയ്ക്ക് പരമാവധി ഈടാക്കാവുന്ന പിഴ എത്ര രൂപയാണ് ?

A) 100

B) 500

C) 1,000

D) 200

91. എൻ. ഡി. പി. എസ്. നിയമം 1985 ലെ ഏത് വകുപ്പ് പ്രകാരമാണ് വധശിക്ഷ നൽകുവാൻ വ്യവസ്ഥയുള്ളത് ?

A) 33

B) 32 B

C) 31 A

D) വധശിക്ഷ നൽകുവാൻ വ്യവസ്ഥ ഇല്ല

92. Denatured Spirit (ഡിനേച്ചേർഡ് സ്പിരിറ്റ്) എന്നാൽ

A) ഡിസ്റ്റിലറികളിൽ മദ്യം ഉണ്ടാക്കുവാൻ ഉപയോഗിക്കുന്ന സ്പിരിറ്റ്

B) പാന യോഗ്യമല്ലാത്ത സ്പിരിറ്റ്

C) കച്ചവടത്തിനുള്ള സ്പിരിറ്റ്

D) ഇവയൊന്നുമല്ല

93. സ്പെൻഡ് വാഷ് എന്നാൽ

A) വാഷിൽ നിന്നും പൂർണമായി ആൽക്കഹോൾ എടുത്ത് ബാക്കി വരുന്ന ദ്രാവകം

B) മദ്യം ഉണ്ടാക്കുവാൻ ഉപയോഗിക്കുന്ന വാഷ്

C) വൈൻ ഉണ്ടാക്കുവാൻ ഉപയോഗിക്കുന്ന വാഷ്

D) ഇവയൊന്നുമല്ല

94. സ്പിരിറ്റിന്റെ വീര്യം ഹൈഡ്രോ മീറ്ററോ (Hydrometer) അനുയോജ്യമായ ഉപകരണം ഉപയോഗിച്ചു അളക്കുന്നതിന്

A) ബ്ലെഡിംഗ് എന്ന് പറയുന്നു

B) (Fortification) ഫോർട്ടിഫിക്കേഷൻ എന്ന് പറയുന്നു

C) കോമ്പൌണ്ടിങ് എന്ന് പറയുന്നു

D) To Prove (പ്രൂവ്) എന്ന് പറയുന്നു

95. എക്സൈസുമായി ബന്ധപ്പെട്ട് ഡ്രൈ ഡേ ആയി പ്രഖ്യാപിച്ചിട്ടുള്ള ദിവസങ്ങളിൽ ചുവടെ ചേർത്തിട്ടുള്ളവയിൽ ഏറ്റവും ശരിയായത് ഏത് ?

i. ദുഃഖവെള്ളിയാഴ്ച

ii. ജൂൺ 26 (അന്താരാഷ്ട്ര ലഹരിവിരുദ്ധ ദിനം)

iii. സ്വാതന്ത്ര്യദിനം (ആഗസ്റ്റ് 15)

iv. ശ്രീനാരായണഗുരു സമാധി ദിവസം

A) i, ii ശരിയാണ്

B) i, ii, iii ശരിയാണ്

C) i, ii, iv ശരിയാണ്

D) എല്ലാം ശരിയാണ്

96. 1996 ഏപ്രിൽ ഒന്നാം തീയതി മുതൽ കേരള സർക്കാർ ചാരായം നിരോധിച്ചു. അബ്കാരി നിയമം 8 (1) & (2) വകുപ്പ് പ്രകാരം ചാരായം കൈവശം വെച്ചാലോ, കച്ചവടം നടത്തുകയോ, കടത്തുകയോ ചെയ്താൽ എന്താണ് ശിക്ഷ ?

A) ഒരു ലക്ഷം രൂപ പിഴയും പത്തു വർഷം തടവ്

B) ഒരു ലക്ഷം രൂപ പിഴയും പതിനഞ്ചു വർഷം തടവ്

C) ഒരു ലക്ഷത്തിൽ കുറയാതെ പിഴയും പത്തു വർഷം വരെ തടവും

D) ഒരു ലക്ഷം വരെ പിഴയും രണ്ടു വർഷം വരെ തടവും

97. 1077 ലെ അബ്കാരി നിയമം സെക്ഷൻ 3(10) പ്രകാരം മദ്യം (Liquor) ന്റെ നിർവ്വചനത്തിൽ വരാത്തത് ഇതിൽ ഏതാണ് ?

A) വൈൻ

B) ബിയർ

C) അരിഷ്ടം

D) കള്ള്

98. തിരുവനന്തപുരം എക്സൈസ് ഇൻസ്പെക്ടറും സംഘവും വാഹന പരിശോധന നടത്തുന്ന സമയം "A" എന്നയാളെ മാഹിയിൽ നിന്നും കൊണ്ടുവന്ന 6 കുപ്പി Bacardi XXX Rum മായി അറസ്റ്റ് ചെയ്തു. കേരള സർക്കാരിന് നികുതിയും/എക്സൈസ് ഡ്യൂട്ടിയും അടക്കാത്ത മദ്യം കൈവശം വച്ചതിന് "A" യുടെ പേരിൽ അബ്കാരി നിയമം 1077ലെ പ്രകാരം ഏത് വകുപ്പ് ചുമത്തി കേസെടുക്കാം ?

A) 8 (1) & (2)

B) 58

C) 55 (i)

D) 55 (g)

99. അബ്കാരി നിയമം 1077ലെ സെക്ഷൻ 67 ബി പ്രകാരം അബ്കാരി കേസിൽ കണ്ടെടുത്ത വാഹനങ്ങൾ ഓതറൈസ്ഡ് ഓഫീസർ (Authorized Officer) മുമ്പാകെ ഹാജരാക്കണമെന്ന് പറയുന്നു. എക്സൈസ് വകുപ്പിലെ ഏത് ഉദ്യോഗസ്ഥനെയാണ് ഓതറൈസ്ഡ് ഓഫീസറായി പ്രഖ്യാപിച്ചിട്ടുള്ളത് (Notify ചെയ്തിട്ടുള്ളത്) ?

A) എക്സൈസ് കമ്മീഷണർ

B) ജോയിന്റ് എക്സൈസ് കമ്മീഷണർ

C) അഡീഷണൽ എക്സൈസ് കമ്മീഷണർ

D) ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർ (ജില്ല മേധാവി)

100. എൻ. ഡി. പി. എസ്. നിയമം 1985 പ്രകാരം വ്യാവസായിക അളവിൽ (Commercial Quantity) മയക്കുമരുന്നു കൈവശം വെച്ചാൽ

A) പത്തുവർഷം വരെ തടവും ഒരു ലക്ഷം വരെ പിഴയും

B) 10 വർഷത്തിൽ കുറയാതെ 20 വർഷം വരെ തടവും ഒരു ലക്ഷത്തിൽ കുറയാതെ 2 ലക്ഷം വരെ പിഴയും

C) 20 വർഷം വരെ തടവും 2 ലക്ഷം പിഴയും

D) 10 വർഷം തടവും മൂന്നു ലക്ഷം വരെ പിഴയും